"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ . വി . കെ മോഹൻലാൽ -ന്റെ ക്യാൻസർ ചികിൽസയ്ക്ക് തിരുവനന്തപുരം ആർ.സി.സി ആശുപത്രിയിൽ ചികിൽസ നടത്തുന്നതിന് 1,00,000/- രൂപ പലിശരഹിത വായ്പ അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്**

**സ.ഉ.(സാധാ) നം.1273/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/06/2020

പരാമർശം :- 1. സർക്കുലർ നം. 40658/G2/85/H&FWD തീയതി 18/10/1985.

2. 18/02/1997 ലെ സ.ഉ.(പി) നമ്പർ 45/97/ആകവ നമ്പർ ഉത്തരവ്.

3. 02/11/2000 ലെ സ.ഉ.(പി) നമ്പർ 285/2000/ആകവ നമ്പർ ഉത്തരവ്.

4. 20/11/2001 ലെ സ.ഉ.(പി) നമ്പർ 298/2001/ആകവ നമ്പർ ഉത്തരവ്.

5. 02/06/2020ലെ ശ്രീ . വി . കെ മോഹൻലാൽ -ന്റെ അപേക്ഷ.

6. പഞ്ചായത്ത് ഡയറക്ടറുടെ 04/06/2020-ലെ PAN/7247/2020/F2-(DP)- നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ . വി . കെ മോഹൻലാൽ-ന്റെ (Permanent Employee Number- 153695) Hormone Therapy (Cancer treatment) ചികിത്സയ്ക്ക് തിരുവനന്തപുരം ആർ.സി.സി ആശുപത്രിയിൽ ചികിത്സ നടത്തുന്നതിന് 1,00,000/- രൂപ പലിശരഹിത വായ്പ അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി. ശ്രീ . വി . കെ മോഹൻലാൽ-ന്റെ ജനനത്തീയതി 10/05/1970 ആണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ. വി. കെ മോഹൻലാലിന് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ Hormone Therapy (Cancer treatment) ചികിത്സ നടത്തുന്നതിന് 1,00,000/-രൂപ (രൂപ ഒരു ലക്ഷം മാത്രം) പരാമർശം ഒന്നു മുതൽ നാല് വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളോടെയും ചുവടെ വിവരിക്കുന്ന ഉപാധികളോടെയും അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് 7610-00-800-95(02) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

1. പലിശരഹിത ചികിത്സാ വായ്പയായി അനുവദിക്കുന്ന 1,00,000/- രൂപ (രൂപ ഒരു ലക്ഷം മാത്രം) ശ്രീ. വി. കെ. മോഹൻലാൽ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്.

2. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 6 മാസത്തിനുള്ളിൽ അപേക്ഷകൻ സമർപ്പിക്കേണ്ടതും ഉപയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതും 9 മാസത്തിനുള്ളിൽ വായ്പ സർക്കാരിന്റെ അനുമതിയോടെ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 12% നിരക്കിൽ പിഴപ്പലിശ ഈടാക്കുന്നതുമാണ്.

3. പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതും വായ്പക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ് .

4. വായ്പ വിതരണം ചെയ്യുന്നതിനു മുമ്പായി പലിശരഹിത വായ്പ തുക, വായ്പ അനുവദിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും, കണ്ടിജന്റ് ബിൽ നമ്പർ, തുക പിൻവലിച്ച തീയതി മുതലായവ ശ്രീ. വി. കെ മോഹൻലാലിന്റെ സേവനപുസ്തകത്തിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

5. പലിശരഹിത വായ്പ തുക പിൻവലിച്ച ട്രഷറിയുടെ പേര്, തുക പിൻവലിച്ച തീയതി എന്നിവ ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ അറിയിക്കേണ്ടതാണ്.

6. പലിശരഹിത വായ്പ റദ്ദു ചെയ്യുകയോ, കൈപ്പറ്റാതിരിക്കുകയോ ചെയ്താൽ ആ വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

7. പലിശരഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി സമർപ്പിക്കുന്ന ബില്ലുകളിൽ പലിശ രഹിത ചികിൽസാ വായ്പ അപേക്ഷ സമർപ്പിച്ച തീയതി മുതൽക്കുള്ള ചികിൽസയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ് :-

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

ശ്രീ. വി. കെ. മോഹൻലാൽ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഓഫീസ്, കൊല്ലം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(G2/752/2020/H&FWD dated 17.06.2020)

ധനകാര്യ വകുപ്പ്(1526336/L3/222/2020-FIN dated 23.06.2020 പ്രകാരം)

ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ്,(വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. ഇ.പി.എ 3/65/2020/ തസ്വഭവ).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ